ND.C.32/16,dt.06.09.16

06.09.2016

# മദർ തെരേസ എക്സിബിഷൻ

ക്രിസ്തുവിൽ പ്രിയ വൈദികരെ, സന്യസ്തരെ, സഹോദരങ്ങളെ,

സ്നേഹത്തിന്റേയും ത്യാഗത്തിന്റേയും കരുണയുടേയും കരസ്പർശനത്താൽ ലോക മനസ്സിൽ വിശുദ്ധിയുടെ സുഗന്ധം പരത്തിയ മദർ തെരേസയെ 'കൊൽക്കത്തയിലെ വിശുദ്ധ തെരേസ' എന്ന് ഫ്രാൻസീസ് മാർപ്പാപ്പ 2016 സെപ്തംബർ 4-ാം തിയതി നാമകരണം ചെയ്തപ്പോൾ ആഗോളസഭയോടൊപ്പം കേരള കത്തോലിക്കാ സഭയും പ്രത്യേകിച്ച് നെയ്യാറ്റിൻകര രൂപതയും വിശുദ്ധ അമ്മയുടെ അനുഗ്രഹത്താൽ സമ്പന്നമായി. വിശുദ്ധനാമകരണത്തോടനുബന്ധിച്ച് നെയ്യാറ്റിൻകര രൂപതയിൽ സംഘടിപ്പിച്ച വിവിധ പ്രവർത്തനങ്ങൾ ഏറെ ഹൃദ്യവും അർത്ഥപൂർണ്ണവുമായിരുന്നു. ഈ ദിനങ്ങളിൽ ഇടവകകളിൽ നടന്ന പ്രത്യേക ദിവ്യബലി, ആരാധന, പ്രാർത്ഥന, ഘോഷയാത്ര, സ്മരണാഞ്ജലി എന്നവക്ക് പ്രത്യേകം നന്ദിയർപ്പിക്കുന്നു.

അഗതികളുടെ അമ്മയുടെ നാമധേയത്തിൽ ലോകത്തിൽ ആദ്യമായി സ്ഥാപിച്ച മാറനല്ലൂർ മേലാരിയോട് 'മദർ തെരേസ' ദൈവാലയം വിശുദ്ധയോടുള്ള നമ്മുടെ സ്നേഹത്തിന്റേയും ആദരവിന്റേയും നിത്യ സ്മരണയായതിൽ നമുക്ക് അഭിമാനിക്കാം!

കൊൽക്കത്തയിലെ വിശുദ്ധ തെരേസയോടുള്ള ആദരസൂചകമായി നെയ്യാറ്റിൻകര രൂപതയുടെ ആഭിമുഖ്യത്തിൽ വാഴിച്ചൽ ഇമ്മാനുവൽ കോളേജിൽ വച്ച് വിശുദ്ധ അമ്മയെ കുറിച്ചുള്ള ഒരു എക്സിബിഷൻ നടത്തുവാൻ തീരുമാനിച്ചിരിക്കുന്ന വിവരം സസന്തോഷം ഞാൻ നിങ്ങളെ അറിയിക്കുന്നു. 2016 സെപ്തംബർ 17 രാവിലെ 10 മണിമുതൽ 19 -ാം തിയതി വൈകുന്നേരം 6 മണി വരെ നടക്കുന്ന പ്രസ്തുത എക്സിബിഷനിൽ രൂപതയിലെ എല്ലാ വൈദികരും സന്യസ്തരും ഇടവക ജനങ്ങൾ എല്ലാവരും പങ്കുചേർന്ന് വിശുദ്ധയുടെ അനുഗ്രഹാശ്ശിസുകൾ പ്രാപിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. 2016 സെപ്തംബർ 17 രാവിലെ 10 ന് നടക്കുന്ന ഉദ്ഘാടന സമ്മേളനത്തിലേക്ക് എല്ലാവരെയും സ്വാഗതം ചെയ്യുന്നു.

കേരളത്തിൽ ആദ്യമായി സംഘടിപ്പിക്കുന്ന ഈ പ്രദർശനത്തിന് നെയ്യാറ്റിൻകര രൂപത ആതിഥ്യം സ്വീകരിക്കുന്നതിൽ നമുക്ക് സന്തോഷവും ചാരിതാർത്ഥ്യവുമു ്.

ഫിലായിലെ ശ്രീ. വിക്ടർ ദാസിന്റെ നേതൃത്വത്തിൽ നടത്തുന്ന ഈ പ്രദർശനത്തിന് 2013-ൽ ലിംക ബുക്ക് ഓഫ് റെക്കോർഡും 2016-ൽ ഗോൾഡൻ ബുക്ക് ഓഫ് വേൾഡ് റെക്കോർഡും കരസ്ഥമാക്കിയിട്ടു ്. 76 രാജ്യങ്ങളിൽ നിന്നുള്ള വിശുദ്ധയുടെ ആയിരക്കണക്കിന് ചിത്രങ്ങളും കുറിപ്പുകളും വസ്തുക്കളും ഈ പ്രദർശനത്തിൽ ഉൾപ്പെടുന്നു. ഈ അസുലഭ സന്ദർഭത്തെ പൂർണ്ണമായും പ്രയോജനപ്പടുത്തി ദൈവവിശ്വാസത്തിൽ കൂടുതൽ ആഴപ്പെട്ടുകൊ ് കാരുണ്യത്തിന്റെ സുവിശേഷമായി നമ്മുടെ ജീവിതത്തെ ഏറെ ധന്യമാക്കാൻ കൊൽക്കത്തയിലെ വിശുദ്ധ തെരേസ ഏവർക്കും ശക്തിനൽകട്ടെ.

സ്നേഹാശംസകളോടെ,

നെയ്യാറ്റിൻകര
06.09.2016

റൈറ്റ് റവ. ഡോ. വിൻസെന്റ് സാമുവൽ
നെയ്യാറ്റിൻകര രൂപതാ മെത്രാൻ